തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# കഞ്ചാവ് വിൽപ്പന: ഒരാൾ പിടിയിൽ

# കടയിൽ അനധികൃത മദ്യ വിൽപ്പന: സ്ത്രീ പിടിയിൽ

# പിടികിട്ടാപ്പുള്ളി പിടിയിൽ

കോവിഡ്–19

## വിലക്ക് ലംഘനം: 33 പേർക്കെതിരെ നിയമനടപടി 8,000/- രൂപ പിഴ ഈടാക്കി

### കഞ്ചാവ് വിൽപ്പന: ഒരാൾ പിടിയിൽ

തിരുവനന്തപുരം:- കരമന, പൂജപ്പുര ഭാഗങ്ങൾ കേന്ദ്രമാക്കി വ്യാപകമായി കഞ്ചാവ് വിൽപ്പന നടത്തിവന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കരമന കൽപ്പാളയം സ്വദേശി അയ്യപ്പൻ (37) നെയാണ് തിരുവനന്തപുരം സിറ്റി ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) ടീമിന്റെ സഹായത്തോടെ കരമന പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന കാൽ കിലോയോളം കഞ്ചാവും പിടിച്ചെടുത്തു. നർക്കോട്ടിക് സെൽ അസി. കമ്മീഷണർ ഷീൻ തറയിലിന് ലഭിച്ച രഹസ്യവിവരത്തിന്റെ



കരമന പോലീസ് അറസ്റ്റ് ചെയ്ത അയ്യപ്പൻ (37)

അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം നിരന്തരം നടത്തിയ നിരീക്ഷണത്തിനൊടുവിലാണ് കഞ്ചാവുമായി ഇയാൾ പിടിയിലായത്. കരമന എസ് എച്ച് ഒ ചന്ദ്രബാബു, എസ് ഐ പ്രതീഷ് കുമാർ, സി.പി.ഒ മാരായ വിനോദ്, അഭിലാഷ്, പ്രതീഷ് ഡാൻസാഫ് ടീം അംഗങ്ങളായ എഎസ്ഐ ബാബു, എസ് സി പി ഒമാരായ വിനോദ്, ഷിബു ,ലെജൻ, രഞ്ജിത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് നെടുങ്കാട് നിന്നും പ്രതിയെ അറസ്റ്റ് ചെയ്തത്.

## കടയിൽ അനധികൃത മദ്യ വിൽപ്പന:സ്ത്രീ പിടിയിൽ

തിരുവനന്തപുരം:- കടയിൽ വിദേശ മദ്യം അനധികൃതമായി വിൽപ്പന നടത്തി വന്ന സ്ത്രീയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മാണിക്യ വിളാകം ബാലനഗർ കൊച്ചു നടയ്ക്കൽ വീട്ടിൽ ഷീല (45) യെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്. ബിവറേജ് ഔട്ട് ലെറ്റിൽ നിന്നും മദ്യം വാങ്ങി ഇവരുടെ പൂന്തുറ മട്ടവം ഭാഗത്തുള്ള അമ്മു സ്റ്റോർ എന്ന കടയിൽ വച്ച് ചില്ലറ വിൽപ്പന നടത്തിവരികയായിരുന്നു. പൂന്തുറ എസ്.എച്ച്.ഒ സജികുമാറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഐ മാരായ അനൂപ്ചന്ദ്രൻ, ഷിഹാസ്, സി.പി.ഒ മാരായ അജിത്കുമാർ, അൻസിയ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കടയിൽ നിന്നും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന 5 കുപ്പി മദ്യവും പിടിച്ചെടുത്തു.

## പിടികിട്ടാപ്പുള്ളി പിടിയിൽ

കോടതി പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം

സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പൂന്തുറ ബാലനഗർ മേലെത്തറ കുന്നുംപുറത്ത് വീട്ടിൽ രാജൻ (35) നെയാണ് തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്തത്. 2013-ൽ കവർച്ചാ കേസിൽ ഉൾപ്പെട്ട് ജാമ്യത്തിലിറങ്ങിയ ശേഷം വിചാരണയ്ക്ക് ഹാജരാകാതെ ഒളിവിൽ പോയ ഇയാളെ 2016-ൽ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച് കോടതി എൽ.പി വാറണ്ട് പുറപ്പെടുവിച്ചിരുന്നു.



തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്ത രാജൻ (35)

ഫോർട്ട് എ സി പി പ്രതാപൻ നായർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ തിരുവല്ലം എസ്.ഐ പ്രതാപൻ, തമ്പാനൂർ എസ് ഐ മാരായ വിമൽ രംഗനാഥ്, ഗോപകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് തിരുവല്ലത്ത് നിന്നും ഇയാളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (25.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 33 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 13 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 13 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 3 പേരിൽ നിന്നുമായി 8,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ

പാലിക്കാതെ സർവ്വീസ് നടത്തിയ 4 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

25-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി